**മാരകമായ മലിനീകരണത്തിനെതിരെ ജനകീയ സമരം നടക്കുന്ന കാതിക്കുടത്തെ നിറ്റാ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ് കമ്പനിയുടെ ബയോഗ്യാസ് പ്ലാന്റ് പൊട്ടിത്തെറിച്ച് നിരവധി തദ്ദേശീയർ ആശുപത്രിയി ലായതിനെ തുടർന്ന് അടച്ചിട്ട കമ്പനി വീണ്ടും തുറക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ മുഖ്യ മന്ത്രി വിളിച്ചുചേർത്ത ചർച്ചയിൽ സമരത്തെ പരാജ യപ്പെടുത്താനുള്ള ഗൂഢശ്രമമാണ് നടന്നതെന്ന്**

**പ്രൊഫ. കുസുമം ജോസഫ്**

# ആരാണ് വിഷഭീകരന് വേണ്ടി കരുക്കൾ നീക്കുന്നത് ?

**കാതിക്കുടത്തെ** നിറ്റാജലാറ്റിൻ കമ്പനിക്കകത്തെ ബയോഗ്യാസ് പ്ലാന്റ് കഴിഞ്ഞ നവംബർ ഒന്നിന് പൊട്ടിത്തെറിച്ച് മാരകമായ രാസമാലിന്യവും വിഷപ്പുകയും പരിസരമാകെ പടരുകയും സമീപവാസികൾ ആശുപത്രിയിലാവുകയും ചെയ്തതിനെ തുടർന്ന് കളക്ടർ കമ്പനി പൂട്ടാൻ ഉത്തരവിടുകയും കമ്പനി ഒരു മാസമായി അടച്ചുകിടക്കുകയുമാണ്. മലിനീകരണം ഒട്ടുമില്ലാതെ പ്രവർത്തിക്കാൻ കഴിയുമെങ്കിൽ മാത്രം കമ്പനി തുടർന്ന് പ്രവർത്തിച്ചാൽ മതി എന്ന നിലപാടാണ് ബയോഗ്യാസ് പ്ലാന്റ് പൊട്ടിത്തെറിച്ച സംഭവത്തെ തുടർന്ന് കളക്ടറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ സമരപ്രവർത്തകർ എടുത്തുത്. കളക്ടർ കമ്പനിയുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ ഉത്തരവിടുകയും ചെയ്തു. കളക്ടറും എം.എൽ.എമാരും കമ്പനി സന്ദർശിച്ച് പ്രശ്നങ്ങൾ മനസിലാക്കാമെന്നും അന്ന് നടന്ന ചർച്ചയിൽ തീരുമാനിച്ചിരുന്നു.

അതിനെ തുടർന്ന് കളക്ടറും രണ്ട് എംഎൽ.എമാരും മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരു ആക്ഷൻകൗൺസിൽ ഭാരവാഹികളും ചേർന്ന് നവംബർ 25ന് കമ്പനി സന്ദർശിച്ചു. അതിന് ശേഷം കളക്ടർ സർക്കാറിന് റിപ്പോർട്ട് കൊടുക്കുമെന്നും ആ റിപ്പോർട്ടിന് മേൽ മുഖ്യമന്ത്രി സമരപ്രവർത്തകരെ ചർച്ചയ്ക്ക് വിളിക്കാമെന്നുമാണ് പറഞ്ഞിരുന്നത്. എന്നാൽ പതിവിനുവിരുദ്ധമായി കളക്ടർ റിപ്പോർട്ട് കൊടുക്കുന്നതിന് മുമ്പ് സർക്കാർ സമരപ്രവർത്തകരെ നവംബർ 30ന് ചർച്ചയ്ക്ക് വിളിച്ചു. എം.എൽ.എമാരുടെ അസൗകര്യം കാരണം നടക്കാതെ പോയ ആ ചർച്ചയാണ് ഡിസംബർ 7ന് തിരുവനന്തപുരത്ത് വച്ച് നടന്നത്. കളക്ടർ സർക്കാറിന് റിപ്പോർട്ട് കൊടുത്തത് ഡിസംബർ 6ന് ആണ്. ആക്ഷൻ കൗൺസിലിന് കിട്ടുന്നതും 6ന് ആണ്. പിന്നെങ്ങനെയാണ് കളക്ടറുടെ റിപ്പോർട്ടിന് മേൽ ചർച്ച നടക്കുന്നത്. അതുകൊണ്ടുതന്നെ ചർച്ചയുടെ തീരുമാനം എങ്ങനെ വേണമെന്ന് സർക്കാർ മുൻകൂട്ടി ആസൂത്രണം ചെയ്തിരുന്നു എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ചർച്ചയിൽ മുഖ്യമന്ത്രി, വ്യവസായ മന്ത്രി, ചാലക്കുടി എംഎൽ.എ ബിഡി. ദേവ

സ്സി, മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രതിനിധി, തൊഴിലാളി യൂണിയനുകളെ പ്രതിനിധീകരിച്ച് പറവൂർ എംഎൽ.എയായ വി.ഡി. സതീശൻ തുടങ്ങിയവരാണ് പങ്കെടുത്തത്.

മലിനീകരണം ഒട്ടുമില്ലാതെ പ്രവർത്തിക്കാനുള്ള സംവിധാനമുണ്ടാക്കിയ ശേഷം മാത്രം കമ്പനി പ്രവർത്തിച്ചാൽ മതി എന്ന നിലപാടാണ് ചർച്ചയിൽ സമരപ്രവർത്തകർ മുന്നോട്ട് വച്ചത്. എന്നാൽ മാലിന്യത്തിന്റെ മാരകമായ അളവ് പലപ്പോഴും പരിശോധിച്ച് ബോധ്യമായിട്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് ഉന്നതതല ചർച്ചകളിൽ കമ്പനിക്ക് അനുകൂലമായി സംസാരിക്കുന്ന രീതി ഈ ചർച്ചയിലും തുടർന്നു. കമ്പനിയിൽ നടത്തിയ പരിശോധനയിൽ മലിനീകരണമില്ലെന്ന് ബോധ്യമായി എന്നതാണ് മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ ചർച്ചയിൽ പറഞ്ഞത്. കമ്പനിക്കു




കാതിക്കുടത്ത് നടന്ന എൻ.എ.പി.എം യുവജനക്യാമ്പിലെ അംഗങ്ങൾ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തയ്യാറാക്കി, എൻ.ജി.ഐ.എൽ കമ്പനിയുടെ കവാടത്തിൽ ഒട്ടിച്ച പോസ്റ്റർ

**കമ്പനി തുറന്ന് പ്രവർത്തിച്ച ശേഷം മാത്രം അക്കാര്യങ്ങൾ മോണിറ്റർ ചെയ്താൽ മതിയെന്നായിരുന്നു സർക്കാർ പറഞ്ഞത്. അത് ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. പഞ്ചായത്ത് പ്രസിഡന്റാണ് ശക്തമായ നിലപാടെടുത്തത്. എനിക്ക് നാട്ടിലേക്ക് തിരിച്ച് ചെല്ലാൻ പറ്റില്ല. സമരം കാരണം പഞ്ചായത്തിന്റെ ദൈനംദിനം പ്രവർത്തനങ്ങളൊന്നും നടക്കാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് പ്രശ്നത്തിന് എന്തായാലും പരിഹാരമുണ്ടാക്കണമെന്ന് കാടുകുറ്റി പഞ്ചായത്ത് പ്രസിഡന്റ് ഡെയിസി ഫ്രാൻസിസ് ശക്തമായി ആവശ്യപ്പെട്ടു**

ള്ളിൽ നടക്കുന്ന പ്രവർത്തനങ്ങളല്ല നാട്ടുകാരുടെ വിഷയം, കമ്പനിക്ക് പുറത്തേക്ക് വരുന്ന മാലിന്യങ്ങളാണ്. അതിനെക്കുറിച്ച് വ്യക്തമായ ഒരു അഭിപ്രായം മലിനീകരണ നിയന്ത്രണ ബോർഡ് പറഞ്ഞില്ല. കമ്പനി വീണ്ടും തുറന്നാൽ പുറത്തേക്ക് വരുന്ന മാലിന്യത്തിൽ നിന്നും അസഹനീയമായ രീതിയിൽ ദുർഗന്ധം വരും എന്നാണ് ജല അതോറിറ്റി കമ്പനി പരിശോധിച്ച ശേഷം നൽകിയ റിപ്പോർട്ടിൽ പറയുന്നത്. എന്നാൽ കമ്പനി തുറന്ന് പ്രവർത്തിച്ചാൽ അത്തരം പ്രശ്നങ്ങളുണ്ടാകാതെ കൃത്യമായി മോണിറ്റർ ചെയ്യുമെന്ന് മുഖ്യമന്ത്രിയും വ്യവസായ മന്ത്രി ചർച്ചയിൽ പറഞ്ഞു. കഴിഞ്ഞ സർക്കാറിന്റെ കാലത്ത്, 2011 ജനുവരിയിൽ കളക്ടറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ തീരുമാനിച്ച പ്രകാരം തൃശൂർ എഞ്ചിനീയറിംഗ് കോളേജിലെ എൻവിയോൺമെന്റൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി ഡോ. ലക്ഷ്മിക്കുട്ടിയുടെ നേതൃത്വത്തിൽ 13 അംഗ സംഘം ഒരു പഠനം നടത്തിയിരുന്നു. കാതിക്കുടത്ത് ആകെ ഒരു ദിവസം മാത്രമാണ് ആ സംഘം സന്ദർശനം നടത്തിയത്. നാട്ടുകാരുടെ പരാതി കേൾക്കണമെന്നും ആരോഗ്യപ്രശ്നങ്ങൾ നേരിൽ കണ്ട് മനസിലാക്കണമെന്നും സമരപ്രവർത്തകർ പറഞ്ഞിട്ടും അവർ കൂട്ടാക്കിയില്ല. അതുകൊണ്ടുതന്നെ ആ സംഘം സ്വീകാര്യമല്ലെന്ന് സമരപ്രവർത്തകർ അന്നേ അറിയിച്ചിരുന്നു. അവർ സമർപ്പിച്ച റിപ്പോർട്ട് വച്ചാണ് മുഖ്യമന്ത്രി കഴിഞ്ഞ യോഗത്തിൽ ഞങ്ങളോട് സംസാരിച്ചത്. അതായത് സമരപ്രവർത്തകർ തള്ളിക്കളഞ്ഞ റിപ്പോർട്ട് വച്ചിട്ടാണ് സർക്കാർ സംസാരിച്ചത്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിരുന്ന 13 നിർദ്ദേശങ്ങൾക്കൊപ്പം മൂന്ന് നിർദ്ദേശങ്ങൾ കൂടി മുഖ്യമന്ത്രിയും വ്യവസായ മന്ത്രിയും കൂട്ടിച്ചേർത്തു. എന്നാൽ ഈ നിർദ്ദേശങ്ങളെല്ലാം പാലിച്ച് കമ്പനി പ്രവർത്തിച്ചാൽ മാലിന്യപ്രശ്നമുണ്ടാകില്ലെന്ന് ബോധ്യമായാൽ മാത്രമെ തുടർന്ന് പ്രവർത്തിക്കാൻ അനുമതിക്കുകയുള്ളൂ എന്ന് സമരപ്രവർത്തകർ പറഞ്ഞു.

കമ്പനി തുറന്ന് പ്രവർത്തിച്ച ശേഷം മാത്രം അക്കാര്യങ്ങൾ മോണിറ്റർ ചെയ്താൽ മതിയെന്നായിരുന്നു സർക്കാർ പറഞ്ഞത്. അത് ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. പഞ്ചായത്ത് പ്രസിഡന്റാണ് ശക്തമായ നിലപാടെടുത്തത്. എനിക്ക് നാട്ടിലേക്ക് തിരിച്ച് ചെല്ലാൻ പറ്റില്ല. സമരം കാരണം പഞ്ചായത്തിന്റെ ദൈനംദിനം പ്രവർത്തനങ്ങളൊന്നും നടക്കാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് പ്രശ്നത്തിന് എന്തായാലും പരിഹാരമുണ്ടാക്കണമെന്ന് കാടുകുറ്റി പഞ്ചായത്ത് പ്രസിഡന്റ് ഡെയിസി ഫ്രാൻസിസ് ശക്തമായി ആവശ്യപ്പെട്ടു. തുടർന്ന് കമ്പനിയുടെ പ്രവർത്തനത്തെക്കുറിച്ച് മോണിറ്ററിംഗ് നടത്താമെന്ന് മുഖ്യമ

ന്ത്രി സമ്മതിച്ചു. മോണിറ്ററിംഗിനു വേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചു. എം.എൽ.എമാരായ ടിഎൻ. പ്രതാപൻ, വി.ഡി. സതീശൻ, ബി.ഡി. ദേവസ്സി, കാടുകുറ്റി പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വാർഡ് അംഗം, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ, സമരസമിതി പ്രവർത്തകർ എന്നിവരാണ് മോണിറ്ററിംഗ് കമ്മിറ്റിയിലുള്ളത്. മലിനീകരണമുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റി കണ്ടെത്തിയാൽ ഇനി കമ്പനിയുടെ പ്രവർത്തനം അനുവദിക്കില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു.

എന്നാൽ കഴിഞ്ഞ സർക്കാറിന്റെ കാലത്ത് രൂപീകരിച്ച ഒരു സമിതിയുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയല്ല, ബയോഗ്യാസ് പ്ലാന്റ് പൊട്ടിത്തെറിച്ചതിനെ തുടർന്ന് കളക്ടർ നടത്തിയ സന്ദർശനത്തെ തുടർന്ന് കൊടുത്ത റിപ്പോർട്ടിന്റെ മേലാണ് ചർച്ച നടക്കേണ്ടതെന്ന് എന്ന് പറഞ്ഞ് പഞ്ചായത്തും ആക്ഷൻകൗൺസിലും സർക്കാറിന്റെ തീരുമാനത്തോട് യോജിക്കാതെ മീറ്റിംഗിൽ നിന്നും പോരുന്നു. ഞങ്ങൾ ആകെ മുന്നോട്ട് വച്ച നിർദ്ദേശം, മോണിറ്ററിംഗ് കമ്മിറ്റിയുണ്ടാക്കുകയാണെങ്കിൽ കമ്പനിയിൽ നിന്നും പുഴയിലേക്ക് ഒഴുക്കുന്ന മാലിന്യത്തിന്റെ പ്രശ്നം മുഖ്യമായും അനുഭവിക്കുന്ന കൊടുങ്ങല്ലൂർ മണ്ഡലത്തിലെ എംഎൽ.എ ആയ ടി.എൻ. പ്രതാപനെ ഉൾപ്പെടുത്തണമെന്നായിരുന്നു. എന്നാൽ വി.ഡി. സതീശൻ എംഎൽഎയുടെ നേതൃത്വത്തിലുണ്ടായിരുന്ന തൊഴിലാളി യൂണിയൻ പ്രവർത്തകർ അത് അംഗീകരിച്ചില്ല. എന്നാൽ വി.ഡി. സതീശനേയും ഉൾപ്പെടുത്താം എന്ന ഉറപ്പിൽ അവർ പിന്നീട് അത് അംഗീകരിച്ചു.

റിവർ ഓസ്മോസിസ് എന്ന സംവിധാനത്തിലൂടെ നദീജല ഉപയോഗം 30 ശതമാനം കുറയ്ക്കുമെന്നും മലിന ജലം 6 മണിക്കൂർ ടാങ്കിൽ സംഭരിച്ച ശേഷം തുറന്നുവിട്ടാൽ മലിനീകരണം കുറയ്ക്കാൻ കഴിയുമെന്നും മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതർ വിശദീകരിച്ചെങ്കിലും സീറോ ലെവൽ മലിനീകരണ സംവിധാനം ഉണ്ടാകുന്നതുവരെ കമ്പനി തുറക്കാൻ അനുവദിക്കില്ല എന്ന തീരുമാനത്തിൽ പഞ്ചായത്തും ആക്ഷൻ കൗൺസിലും ഉറച്ചുനിന്നു. അതാണ് മീറ്റിംഗിൽ നടന്നത്. അല്ലാതെ കമ്പനി തുറന്ന് പ്രവർത്തിക്കാനുള്ള യാതൊരു നീക്കത്തേയും സമരപ്രവർത്തർ അനുകൂലിച്ചിട്ടില്ല. എന്നാൽ കമ്പനി തുറക്കാനുള്ള ഗൂഢലക്ഷ്യത്തോടെ തന്നെയാണ് മീറ്റിംഗ് നടന്നത്. തൊഴിലാളി യൂണിയനുകൾക്ക് മേൽക്കൈ ഉള്ളതുകൊണ്ട് കമ്പനി തുറക്കാനുള്ള സാധ്യതയുണ്ട്. തുറന്നാൽ സമരം ശക്തമാകും. പഞ്ചായത്ത് പ്രസിഡന്റ് വരെ സമരത്തിൽ പങ്കെടുക്കുമെന്നാണ് പ്രസിഡന്റ് മീറ്റിംഗിൽ പറഞ്ഞത്.

## തൊഴിൽ പ്രശ്നം

കോടിക്കണക്കിന് രൂപ ലാഭമുള്ള കമ്പനിയാണ് എൻജിഐഎൽ. ജീവനക്കാരുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തി പ്ലാന്റ് അടച്ചുപൂട്ടുന്നതിനൊന്നും അവർക്ക് പ്രയാസമില്ല. അല്ലെങ്കിൽ ഈ തൊഴിലാളികളെയെല്ലാം നിലനിർത്തുന്ന തരത്തിൽ പരിസ്ഥിതിക്ക് ദോഷമില്ലാത്ത മറ്റൊരു വ്യവസായം തുടങ്ങട്ടെ. മലിനീകരണമുണ്ടാക്കുന്ന കമ്പനിക്ക് പൂട്ടിപ്പോകേണ്ടി വരുന്നത് ഈ നാട്ടിൽ ആദ്യസംഭവമല്ല. തൊഴിൽ പ്രശ്നങ്ങൾ ഇതിന് മുൻപും പരിഹരിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് മാന്യമായ നഷ്ടപരിഹാരം നൽകി അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ തയ്യാറാകണം. അത്തരം ചർച്ചകളൊന്നും മീറ്റിംഗിൽ വന്നില്ല. കമ്പനി പ്രവർത്തിപ്പിച്ചുകൊണ്ട് മാലിന്യം കുറയ്ക്കാൻ തയ്യാറാണ് എന്നകാര്യം മാത്രമാണ് കമ്പനി അധികൃതർ മീറ്റിംഗിൽ പറഞ്ഞത്. തൊഴിലാളി യൂണിയന്റെ ആളുകളും അതൊന്നും ചർച്ച ചെയ്യാൻ തയ്യാറായില്ല. ആക്ഷൻ കൗൺസിൽ ഗുണ്ടായിസം കാണിക്കുകയാണെന്ന് പറഞ്ഞ് വിഷയം വഴിതിരിച്ചുവിടാനുള്ള ശ്രമമാണ് അവർ നടത്തിയത്.

## ബയോഗ്യാസ് പ്ലാന്റ് ദുരന്തം

നവംബർ 1ന് ബയോഗ്യാസ് പ്ലാന്റ് പൊട്ടിത്തെറിച്ചിനെ തുടർന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ അടച്ചുപൂട്ടൽ നോട്ടീസിൽ നാളുകളായി കമ്പനി നടത്തിയ നിയമലംഘനങ്ങൾ വിശദമായി പറയുന്നുണ്ട്. കമ്പനി ഉടനെ തന്നെ അടയ്ക്കണമെന്നും ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ കമ്പനി വേഗം അടയ്ക്കാൻ കഴിയില്ലെന്നും ദിവസങ്ങളായി നടന്നുകൊണ്ടിരിക്കുന്ന അസംസ്കൃത വസ്തുക്കൾ നിർമ്മിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാകാതെ അവസാനിപ്പിക്കാൻ പറ്റുന്നതല്ലെന്നും കമ്പനി മറുപടിയായി പറഞ്ഞു. അങ്ങനെയാണെങ്കിൽ ദിവസവും 25,000 രൂപ കെട്ടിവച്ച് പ്രവർത്തിക്കണമെന്നും നവംബർ 20ന് ഉള്ളിൽ എല്ലാ നടപടികളും പൂർത്തിയാക്കണമെന്നും അതിന് ശേഷം വെള്ളമോ കറണ്ടോ ഉപയോഗിക്കരുതെന്നും കമ്പനിക്ക് മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടീസ് കൊടുത്തിരുന്നു. എന്നാൽ അതൊന്നും കമ്പനി പാലിച്ചില്ല.

നവംബർ 20-ാം തീയതിക്ക് ശേഷവും 24 മണിക്കൂറും കമ്പനിയുടെ മോട്ടറുകൾ പ്രവർത്തിച്ചിരുന്നു. ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ കമ്പനി എപ്പോഴും തുടരുന്നുണ്ട്. മലിനീകരണം കാരണം പഞ്ചായത്ത് കമ്പനിയുടെ ലൈസൻസ് റദ്ദുചെയ്തിരിക്കുകയാണ്. 2011-12 വർഷത്തേക്ക് കമ്പനി അപേക്ഷിച്ച ലൈസൻസ് പഞ്ചായത്ത് പുതുക്കിക്കൊടുത്തിട്ടില്ല. അതിനെ തുടർന്ന് കമ്പനി കോടതിയിൽ പോയി, കോടതിയുടെ താത്കാലിക ഉത്തരവിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അങ്ങനെ പ്രവർത്തിക്കുന്ന സമയത്ത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പോലും വാങ്ങാതെ കമ്പനി നിർമ്മിച്ച മാലിന്യം ഗ്യാസാക്കി മാറ്റുന്നതിനുള്ള പ്ലാന്റാണ് പൊട്ടിത്തെറിച്ചത്. ബയോഗ്യാസ് പ്ലാന്റ് എന്നാണ് അവർ പറയുന്നുത്. ബയോഗ്യാസ് പ്ലാന്റിൽ ജൈവമാലിന്യങ്ങളാണ് സംസ്കരിക്കുന്നത്. രാസപ്രവർത്തനത്തിന് ശേഷം വരുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്ന പ്ലാന്റ് എങ്ങനെ ബയോഗ്യാസ് പ്ലാന്റാകും. കമ്പനിയിൽ നിന്നുള്ള മാലിന്യത്തിൽ ഘനലോഹങ്ങളുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ലെഡും ക്രോമിയവും നിക്കലുമെല്ലാം എങ്ങനെയാണ് ബയോഗ്യാസ് പ്ലാന്റിൽ ഉപയോഗിക്കുന്നത്? വിശദമായ പരീക്ഷണങ്ങൾക്ക് ശേഷം മാത്രം ചെയ്യേണ്ടുന്ന ഒരു കാര്യം വളരെ ലാഘവത്തോടെ, അനുമതിയില്ലാതെ ചെയ്തുകൊണ്ടാണ് ഇത്ര വലിയ അപകടം സംഭവിച്ചത്. കൺസ്ട്രക്ഷന്റെ തകരാറുകാരണമാണ് പ്ലാന്റ് പൊട്ടിയതെന്നാണ് കമ്പനി പറയുന്നത്. രാസപ്രവർത്തനത്തിന്റ ഫലമായുണ്ടാകുന്ന മർദ്ദം കാരണം പൊട്ടിയതെന്നാണ് ഞങ്ങൾ കരുതുന്നത്. വലിയ രാസദുരന്തമായി മാറാതിരുന്നത് ഭാഗ്യം.